പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

# സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി



## എ.എം.എൽ.പി. സ്കൂൾ - ആലത്തിയൂർ

### തിരൂർ സബ്ജില്ല

# ആമുഖം

1910 ലാണ് എ.എം.എൽ.പി സ്കൂൾ ആലത്തിയൂർ സ്ഥാപിതമായത്. പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഒന്നാണ് ഈ വിദ്യാലയം. തൃപ്രങ്ങോട് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ഒരു വിദ്യാലയമാണിത്. 115 വർഷത്തെ വിദ്യാലയ ചരിത്രം ഈ നാടിന്റെ കൂടി ചരിത്രമാണ്. സ്ഥാപിതമായ കാലത്ത് ഓത്തുപള്ളിയായാണ് ഇത് ആരംഭിച്ചതെന്ന് മുൻകാല രേഖകളിൽ പറയുന്നു. ഭൗതിക വിദ്യാഭ്യാസത്തിൽ പിന്നോക്കം നിന്നിരുന്ന മുസ്ലിം സമൂഹത്തെ വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുന്നതിനായാണ് ഇത് സ്ഥാപിച്ചത്. 1910 ൽ തന്നെ വിദ്യാലയത്തിന് അംഗീകാരം ലഭിക്കുകയുണ്ടായി. പിന്നീട് മതവിദ്യാഭ്യാസം സ്കൂളിൽ നിന്ന് മാറ്റണമെന്ന നിർദ്ദേശമുണ്ടായതോടെ വിദ്യാലയത്തിൽ നിന്ന് മദ്രസ പഠനം മാറ്റുകയുണ്ടായി. ആദ്യ കാലങ്ങളിൽ 1 മുതൽ 5 വരെ ക്ലാസുകൾ നടന്നിരുന്നതായി വിദ്യാലയത്തിലെ പഴയ കണക്കുകൾ പരിശോധിക്കുമ്പോൾ കാണാവുന്നതാണ്. ഒരുപാട് പ്രമുഖ വ്യക്തിത്വങ്ങൾ ഈ വിദ്യാലയത്തിൽ അമരത്വം വഹിച്ചിട്ടുണ്ട്. പൂഴിക്കുന്നിലും പാറശ്ശേരിയിലും പുളിഞ്ചോടിലും ഒക്കെയായി ഒരുപാട് പേർക്ക് അക്ഷര വെളിച്ചം പകർന്നു നൽകിയ ഈ വിദ്യാലയം ഇന്നും അതിന്റെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ടും അതിന്റേതായ കടമകൾ നിർവഹിച്ചു വരുന്നുണ്ട്. നിലവിലെ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും നവീനവും വിവരസാങ്കേതിക വിദ്യക്ക് ഊന്നൽ കൊടുത്തുകൊണ്ടുമുള്ള സ്കൂൾ വികസന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്തേണ്ടതുണ്ട്. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്താൻ പി.ടി.എക്കും പൂർവ്വ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കഴിഞ്ഞിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ ഇനിയും ഏറ്റെടുത്ത് നടപ്പാക്കേണ്ട ഭൗതികവും അക്കാദമികവുമായ പദ്ധതികൾ ഞങ്ങൾ മുന്നോട്ട് വെക്കുന്നു.

115 വർഷം പിന്നിട്ട വിദ്യാലയം എന്ന പരിഗണനയിൽ പൈതൃക വിദ്യാലയമായി ഈ വിദ്യാലയത്തിനെ കാണണമെന്നും സർക്കാർ ഏജൻസികളുടെ

സഹായ സഹകരണങ്ങൾ പൊതുവിദ്യാലയ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഈ പദ്ധതികൾക്ക് ഉണ്ടാകണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

എല്ലാ വർഷവും വിവിധ പാഠ്യപ്രവർത്തനങ്ങളിൽ ഞങ്ങളുടെ സ്കൂളിന് നല്ല നിലവാരം പുലർത്താൻ സാധിച്ചിട്ടുണ്ട്. അധ്യാപകരുടെയും പി.ടി.എയുടെ കൃത്യമായ ഇടപെടലുകൾ കൊണ്ടുതന്നെ കുട്ടികളുടെ പഠനകാര്യങ്ങളിൽ വളരെയധികം മുന്നേറ്റം കാണാൻ സാധിച്ചിട്ടുണ്ട്. എല്ലാ വർഷങ്ങളിലും സ്പോർട്സിൽ ഞങ്ങളുടെ സ്കൂളിലെ കുട്ടികൾക്ക് തിളങ്ങാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് തല കലാമേളകളിൽ കുറച്ചു വർഷങ്ങളായി ഒന്ന് രണ്ട് സ്ഥാനങ്ങളിൽ എത്താൻ ഞങ്ങളുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്. സബ്ജില്ലാ കലാമേളകളിലും പങ്കെടുക്കാനും സമ്മാനങ്ങൾ വാരിക്കൂട്ടാനും കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. 2016 മുതൽ ഞങ്ങളുടെ സ്കൂളിലെ കുട്ടികൾക്ക് LSS നേടാൻ സാധിച്ചിട്ടുണ്ട്. 2019-20 വർഷം 7 കുട്ടികൾ എഴുതി 100% വിജയം നേടാനും സബ്ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ പതിമൂന്നാം സ്ഥാനവും അലങ്കരിക്കാൻ ഞങ്ങളുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഇനിയും മികവുറ്റതാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ അക്കാദമിക വർഷവും വളരെ പ്ലാനിങ്ങിലൂടെയാണ് സ്കൂളിലെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്.

## 2024-2025 അക്കാദമിക മാസ്റ്റർ പ്ലാനിന്റെ സംക്ഷിപ്ത രൂപം

### അക്കാദമികം

| ക്രമ നമ്പർ | | |
|---|---|---|
| 01 | Easy English | |
| 02 | ക്ലാസ് റൂം ലൈബ്രറി | |
| 03 | എൽ. എൽ. എസ് പരിശീലനം | |
| 04 | പൂന്തോട്ട നവീകരണം | |
| 05 | എന്റെ അടുക്കളത്തോട്ടം | |
| 06 | ഇംഗ്ലീഷ് ഫെസ്റ്റ് | |
| 07 | അറബിക് ഫെസ്റ്റ് | |
| 08 | ദിനാചരണങ്ങൾ | |
| 09 | അറബിക് ഭാഷ പിന്നോക്ക പരിഹരണം | |
| 10 | വാരാന്ത്യ ക്വിസ് | |
| 11 | ബ്രില്ല്യന്റ് സ്കോളർഷിപ്പ് | |
| 12 | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | |
| 13 | മാതൃഭാഷാ പഠനം | |
| 14 | പഠന യാത്ര | |
| 15 | ക്ലബ് പ്രവർത്തനം | |
| 16 | ബാലസഭ | |
| 17 | റീഡേഴ്സ് തിയേറ്റർ | |
| 18 | പഠനോത്സവം | |
| 19 | വിജയ സ്പർശം | |
| 20 | കളിക്കാം..... വളരാം (കായികദിനം) | |
| 21 | അസംബ്ലി | |
| 22 | ലഹരി ബോധവൽക്കരണം | |
| 23 | വായനാപരിപോഷണം പത്രവാർത്തകളിലൂടെ | |

## Easy English
**(English Language Acqusition Programme)**

### ആമുഖം

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കുട്ടികൾക്ക് തെറ്റുകൂടാതെ വായിക്കാൻ സാധിക്കുന്നുണ്ടെങ്കിലും എഴുത്ത്, ആശയവിനിമയം, സർഗാത്മകത എന്നീ മേഖലകളിൽ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഇതിനൊരു മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.

### ലക്ഷ്യങ്ങൾ

- സ്വതന്ത്ര വായന, എഴുത്ത് എന്നിവക്ക് സജ്ജരാക്കുക
- ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക
- ഇംഗ്ലീഷിലെ മറ്റു വ്യവഹാര രൂപങ്ങളായ കവിതാലാപനം, കഥാനിർമ്മാണം, നാടകീകരണം എന്നിവ സ്വയം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- പദസമ്പത്ത്
- വാക്യഘടന മനസ്സിലാക്കി സ്വന്തം ആശയം പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തുക

### പ്രവർത്തന പദ്ധതി

1 മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി English പഠനത്തിനായി എല്ലാവർക്കും വർക്ക് ബുക്ക് നൽകുന്നു. ആഴ്ചയിൽ മൂന്ന് ദിവസം ഉച്ചയ്ക്ക് 1.45 മുതൽ 2.15 വരെയുള്ള സമയം പ്രവർത്തനം നടത്തുന്നു. സ്കൂൾ തുറന്നു നടക്കുന്ന ആദ്യ പി.ടി.എ മീറ്റിംഗിൽ വെച്ച് പുസ്തക പ്രകാശനം നടത്തുകയും എല്ലാ കുട്ടികൾക്കും സൗജന്യമായി പുസ്തകം നൽകാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

### പ്രവർത്തന സാമ്പത്തിക വിശകലനം

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|
| 1 | പദസമ്പത്ത് വർദ്ധിപ്പിക്കൽ | ക്ലാസ് ടീച്ചർ | 5000 | മുഴുവൻ വർഷം |
| 2 | ഇംഗ്ലീഷ് അസംബ്ലി | ക്ലാസ് ടീച്ചർ | | |
| 3 | ഇംഗ്ലീഷ് ഫെസ്റ്റ് | ക്ലാസ് ടീച്ചർ | | |
| 4 | വിസിറ്റേഴ്സ് ക്ലാസ് | സ്റ്റാഫ്, പി.ടി.എ | | |
| 5 | ഇംഗ്ലീഷ് ബുക്ക് ആക്ടിവിറ്റി | ക്ലാസ് ടീച്ചർ | 14000 | |

## ക്ലാസ് റൂം ലൈബ്രറി

കുട്ടികളുടെ സർഗ്ഗോന്മുഖമായ വികസനത്തിന് ലൈബ്രറികൾക്ക് വലിയ പങ്കുണ്ട്. ക്ലാസ് റൂമിൽ പാഠപുസ്തക പഠനത്തോടൊപ്പം അധിക വായനക്കായി കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. അത് കുട്ടികളുടെ ഭാഷാശേഷി ഉയർത്തുന്നതിനും സാംസ്കാരികവും ചരിത്രപരവും സാമൂഹികവുമായ കാര്യങ്ങളിൽ കൂടുതൽ അറിവ് നേടുന്നതിനും ഉതകുന്നതാണ്. ക്ലാസ് ഇടവേളകളിലും മറ്റ് ഒഴിവ് സമയങ്ങളിലും പുസ്തകങ്ങൾ വായിക്കാനുള്ള സാഹചര്യവും താല്പര്യവും സൃഷ്ടിക്കാൻ ക്ലാസ് ലൈബ്രറികൾക്ക് കഴിയുന്നതാണ്. അതിനായി ഈ വർഷവും വളരെ വ്യത്യസ്തമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

### ഉദ്ദേശ്യലക്ഷ്യങ്ങൾ

- വായന അഭിരുചി ഉണ്ടാക്കുന്നതിന്
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന്
- സാമൂഹികവും ചരിത്രപരവും സാംസ്കാരികവുമായ വ്യത്യാസം തിരിച്ചറിയുന്നതിന്

### 'പ്രവർത്തന' പദ്ധതി

#### എന്റെ ക്ലാസിലേക്കൊരു പുസ്തകം

എല്ലാ ക്ലാസുകളിലും ഒരുക്കിയിരിക്കുന്ന Wall Library യിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കും. കുട്ടികൾ, PTA, അധ്യാപകർ എന്നിവരുടെ പൂർണ്ണ സഹകരണത്തോടെ വിവിധ നിലവാരത്തിലുള്ള ആകർഷവും വിജ്ഞാനപ്രദവുമായ പുസ്തകങ്ങൾ ശേഖരിക്കുന്നു. കുട്ടികൾ വീട്ടിൽ വായിച്ചാസ്വദിച്ച പുസ്തകങ്ങൾ ക്ലാസുകളിൽ കൊണ്ടുവരുന്നു, കുട്ടികൾ കൈമാറി വായിക്കുന്നു.

- ഇടവേളകളിൽ ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾ വായിക്കുന്നു. അവയുടെ കുറിപ്പുകൾ തയ്യാറാക്കുന്നു.
- വായിക്കാം……കേൾക്കാം
- കുട്ടികൾക്കിഷ്ടപ്പെട്ട ഒരു കഥ അവർ വായിക്കുന്നു. മറ്റു കുട്ടികൾക്ക് കേൾക്കാൻ അവസരം നൽകുന്നു.

| പ്രവർത്തനം | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|
| അനുയോജ്യമായ പുസ്തകങ്ങൾ<br>ബാലമാസികകൾ: ബാലരമ കളിക്കുടുക്ക തുടങ്ങിയവ | 50000 | PTA | ഒരു വർഷം |
| മോണിറ്ററിംഗ് : HM, SRG കൺവിനർ, PTA പ്രസിഡന്റ് | | | |

# എൽ.എസ്.എസ് പരിശീലനം

പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തുന്നതിന് വേണ്ടി 4-ാം ക്ലാസിലെ കുട്ടികളിൽ നടത്തുന്ന പരീക്ഷയാണ് എൽ.എസ്.എസ്. എല്ലാ വിഷയങ്ങളിലും പ്രാഗൽഭ്യം തെളിയിച്ച കുട്ടികളെയാണ് ഈ പരീക്ഷയ്ക്ക് തിരഞ്ഞെടുക്കുന്നത്. അതിനായി മൂല്യനിർണയം നടത്തുകയും ഓണപരീക്ഷയ്ക്ക് ശേഷം അവരെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുകയും ചെയ്തുപോരുന്നു.

## ലക്ഷ്യങ്ങൾ

- പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തുന്നതിന്
- കുട്ടികളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്
- പ്രവർത്തന പദ്ധതി
- മോഡൽ ക്ലാസുകൾ
- മോഡൽ പരീക്ഷകൾ

| ക്ര.ന | പ്രവർത്തനം | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1<br>2 | മോഡൽ ക്ലാസുകൾ<br>മോഡൽ ചോദ്യപേപ്പർ പരിശീലനം | 2000 | അധ്യാപകർ | സെപ്തംബർ മുതൽ |
| മോണിറ്ററിംഗ്: HM, SRG കൺവീനർ | | | | |

# പൂന്തോട്ട നവീകരണം

## ആമുഖം

പൂന്തോട്ടങ്ങൾ എന്നും നമ്മുടെ മനസ്സിന് കുളിർമയും സന്തോഷവും പകരുന്നവയാണല്ലോ. സ്കൂളിൽ പൂന്തോട്ടം ഉണ്ടാകുന്നത് കുട്ടികൾക്ക് എന്തുകൊണ്ടും സന്തോഷപ്രദമായിരിക്കും. പൂക്കൾ ഇഷ്ടപ്പെടാത്ത കുട്ടികൾ ഉണ്ടാവില്ല. പരിസര പഠനവുമായി ബന്ധപ്പെട്ട് പൂന്തോട്ടത്തിലെ ജീവികളുടെ ആവാസ വ്യവസ്ഥയെ കുറിച്ചും ചെടികളെ കുറിച്ചും പൂക്കളെക്കുറിച്ചുമെല്ലാം നേരിട്ട് കണ്ടും അനുഭവിച്ചും പഠിക്കാൻ ഇത്രയും ഫലപ്രദമായ മറ്റൊന്നില്ല. അതുകൊണ്ട് തന്നെ നിലനിൽക്കുന്ന പൂന്തോട്ടത്തെ ജൈവവൈവിധ്യ പാർക്കായി വികസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- പൂക്കളും പൂമ്പാറ്റകളും നിറഞ്ഞ സ്കൂൾ ഉദ്യാനം
- പൂന്തോട്ടത്തിലെ ജീവികളെ പറ്റിയും അവയുടെ ജീവിതത്തെ കുറിച്ചും പഠിക്കാനുള്ള അവസരം
- പൂന്തോട്ടത്തെ പാഠ ഭാഗവുമായി ബന്ധിപ്പിച്ച് നിരീക്ഷണത്തിന് അവസരമൊരുക്കൽ
- ശിശു സൗഹൃദ വിദ്യാലയം ഒരുക്കൽ

## പ്രവർത്തന പദ്ധതി

വിവിധ നിറത്തിലും മണത്തിലുമുള്ള പൂക്കൾ വിരിയുന്ന പൂച്ചട്ടികൾ വാങ്ങി ഉദ്യാനത്തിൽ വക്കൽ

| ക്ര.ന | പ്രവർത്തനം | എണ്ണം | ചെലവ് | ചുമതല | കാലയളവ് |
|---|---|---|---|---|---|
| 1 | വിവിധ പൂച്ചെടികൾ ചട്ടിയോടെ | 50 എണ്ണം (ഒന്നിന് 200 വീതം) | 10,000 | അധ്യാപകർ | സെപ്തംബർ മുതൽ |

## എന്റെ അടുക്കളത്തോട്ടം
## ( സ്കൂൾ പച്ചക്കറിത്തോട്ടം)

### ആമുഖം

കുട്ടികളിൽ കാർഷികകാര്യങ്ങളിൽ താൽപര്യവും അറിവും വളർത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ വിദ്യാലയങ്ങളിലും പച്ചക്കറിത്തോട്ടം ഒരുക്കുന്നുണ്ട്. സ്ഥല പരിമിതികൾ ഉണ്ടെങ്കിലും ചട്ടികളിലും ചുറ്റു മതിലിന് അരികിലുമായി പച്ചക്കറി കൃഷി നടത്തുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. വെണ്ട, വഴുതന, തക്കാളി, പച്ചമുളക്, കപ്പ എന്നിവയാണ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്.

### ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് വിവിധ കൃഷികളും കൃഷി രീതികളും മനസ്സിലാക്കുന്നതിന്
- കൃഷിയിൽ താൽപര്യം വളർത്തുന്നതിന്
- ഏറ്റവും നന്നായി കൃഷി ചെയ്യുന്നതിന്
- ധനകാര്യ വിശകലനം

| ക്ര. ന | പ്രവർത്തനം | എണ്ണം | ചെലവ് | സ്രോതസ്സ് | കാലയളവ് |
|---|---|---|---|---|---|
| 1 | വിവിധ ഇനം പച്ചക്കറി തൈകൾ<br>വിത്തുകൾ<br>മരച്ചീനി കമ്പുകൾ | 25<br>10 | 1500<br>250 | PTA<br>SSG<br>" " " " | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ |

# ഇംഗ്ലീഷ് ഫെസ്റ്റ്

## ആമുഖം

മലയാള ഭാഷാ അഭിരുചിയും പിന്തുണയും നൽകുന്നതോടൊപ്പം തന്നെ കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം കൂടി വളർത്തി എടുക്കേണ്ടത് ആവശ്യമാണ്. സംസാര ഭാഷ അല്ലാത്തതുകൊണ്ടു തന്നെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികൾക്ക് വളരെ ബുദ്ധിമുട്ടാണ്. അതിനായി തുടർച്ചയായ Discourseകൾ കുട്ടികൾ പരിചയപ്പെടേണ്ടതായിട്ടുണ്ട്. ക്ലാസ് തല മൊഡ്യൂൾ ഒരുക്കുമ്പോൾ കുട്ടികൾക്ക് പങ്കെടുക്കാൻ സാധിക്കുന്ന discourseകൾ Conversation, Roleplay, rhyme, thought എന്നിവയുടെ ആവർത്തിച്ചുള്ള ഉപയോഗം ഉൾപ്പെടുത്തേണ്ടതുണ്ട്. ഇവയെല്ലാം ഉൾപ്പെടുത്തി സ്കൂൾ തല ഇംഗ്ലീഷ് ഫെസ്റ്റ് മുൻവർഷത്തിൽ നടത്തിയതുപോലെ നടത്താനും ആലോചിക്കുന്നു.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷയോട് താൽപര്യം ജനിപ്പിക്കുന്നതിന്
- വിവിധ തരം ഇംഗ്ലീഷ് ഭാഷാ കേളികളിൽ പങ്കെടുക്കുന്നതിന്
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന്

## പ്രവർത്തന പദ്ധതി

**ആവർത്തിച്ചുള്ള ക്ലാസ് തല ഇംഗ്ലീഷ് ഫെസ്റ്റ്**

| ക്ര.ന | പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | പോസ്റ്റർ | 2000 | അധ്യാപകർ | 2025-2026 |
| 2 | Roleplay | | | |
| 3 | Drama | | | |
| 4 | Conversation | | | |
| 5 | Rhyme making | | | |

# അറബിക് ഫെസ്റ്റ്

## ആമുഖം

മലയാള ഭാഷാ അഭിരുചിയും പിന്തുണയും നൽകുന്നതോടൊപ്പം തന്നെ കുട്ടികളിൽ അറബി ഭാഷാ നൈപുണ്യം കൂടി വളർത്തി എടുക്കേണ്ടത് ആവശ്യമാണ്. സംസാര ഭാഷ അല്ലാത്തതുകൊണ്ടു തന്നെ അറബി ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികൾക്ക് വളരെ ബുദ്ധിമുട്ടാണ്. അതിനായി തുടർച്ചയായ Discourseകൾ കുട്ടികൾ പരിചയപ്പെടേണ്ടതായിട്ടുണ്ട്. ക്ലാസ് തല മൊഡ്യൂൾ ഒരുക്കുമ്പോൾ കുട്ടികൾക്ക് പങ്കെടുക്കാൻ സാധിക്കുന്ന discourseകൾ Conversation, Roleplay, rhyme എന്നിവയുടെ ആവർത്തിച്ചുള്ള ഉപയോഗം ഉൾപ്പെടുത്തേണ്ടതുണ്ട്. ഇവയെല്ലാം ഉൾപ്പെടുത്തി സ്കൂൾ തല അറബിക് ഫെസ്റ്റ് മുൻവർഷത്തിൽ നടത്തിയതുപോലെ നടത്താനും ആലോചിക്കുന്നു.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- അറബിക് ഭാഷയോട് താൽപര്യം ജനിപ്പിക്കുന്നതിന്
- വിവിധ തരം ഇംഗ്ലീഷ് ഭാഷാ കേളികളിൽ പങ്കെടുക്കുന്നതിന്
- അറബിക് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന്

# ദിനാചരണങ്ങൾ

## ആമുഖം

ഓരോ ക്ലാസിലും നാം നേടേണ്ട പഠന ശേഷികൾ അതാതു ക്ലാസുകളിൽ നിന്നും നേടണം. എന്നാൽ ഈ കാലം മത്സര പരീക്ഷകളുടെ കാലഘട്ടമാണ്. അതിനായി വർത്തമാന കാലത്തെ കുറിച്ചും ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെ പറ്റിയും കുട്ടികളിൽ അറിവ് ഉണ്ടാകണം. അതിനുവേണ്ടി ഓരോ മാസത്തിലെയും വിശേഷമുള്ള ദിനങ്ങൾ കണ്ടെത്തുകയും അതിന്റെ പ്രാധാന്യവും പ്രത്യേകതകളും കുട്ടികളിൽ എത്തിക്കുകയും വേണം.

## ലക്ഷ്യം

- വിശേഷപ്പെട്ട ദിനങ്ങളുടെ പ്രാധാന്യം, പ്രത്യേകത എന്നിവ മനസ്സിലാക്കുന്നതിന്
- മത്സര ബുദ്ധി വളർത്തുന്നതിന്

## പ്രവർത്തന പദ്ധതി

**ദിനാചരണങ്ങൾ**

| ക്രമ.ന | പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | ക്വിസ് | 5000 | സ്റ്റാഫ് പി.ടി.എ | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ |
| 2 | പ്രസംഗം | | | |
| 3 | പഠനയാത്ര | | | |
| 4 | വായനാ മത്സരം | | | |
| 5 | കൊളാഷ് | | | |
| 6 | അഭിമുഖം | | | |
| 7 | വിത്ത് വിതരണം | | | |

# അറബിക് ഭാഷാ പിന്നോക്ക പരിഹരണം

## ആമുഖം

കുട്ടികളിൽ മറ്റു ഭാഷകളെ പോലെ തന്നെ അറബിക് ഭാഷയുടെ പരിജ്ഞാനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വായനക്ക് പുറമെ എഴുത്ത്, ആശയ വിനിമയം, പദ സമ്പത്ത്, സർഗ്ഗാത്മകത എന്നിവക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പരിശീലനം നൽകേണ്ടത് അത്യാവശ്യമായ കാര്യമാണ്.

## ലക്ഷ്യങ്ങൾ

- സ്വതന്ത്ര്യ വായനക്ക് സാധ്യമാക്കെ
- സ്വതന്ത്ര്യ എഴുത്തിന് സജ്ജരാവുക
- നല്ല ആസ്വാദനം അനുഭവിക്കാനുള്ള കഴിവ് നേടുക
- പദ സമ്പത്ത് വർദ്ധിപ്പിക്കൽ
- അറബിക് പ്രസംഗം, കഥ പറയൽ, കവിതാലാപനം, അഭിനയം എന്നിവയിൽ സ്വയം പ്രാപ്തരാക്കുക
- അറബി അസംബ്ലി

## പ്രവർത്തന പദ്ധതി

ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന കൃത്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുക.

# വാരാന്ത്യ ക്വിസ്

## ആമുഖം

ക്ലാസ് തല പഠന പ്രവർത്തനങ്ങളോടൊപ്പം കാലികമായ അറിവ് സമ്പാദിക്കുക എന്നത് ഇന്നത്തെ കാലത്ത് വളരെ പ്രാധാന്യമുള്ളതാണ്. അന്നന്ന് നമ്മുടെ ചുറ്റും നടക്കുന്ന പ്രധാന കാര്യങ്ങൾ കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണ്. പത്രം/ടിവി/റേഡിയോ എന്നിവയിലെ വാർത്തകൾ കുട്ടികൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതിന് കുട്ടികളിൽ താല്പര്യമുണ്ടാക്കുന്ന രീതിയിലാണ് ഈ വാരാന്ത്യ ക്വിസ് നടത്തുന്നത്.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- കാലികമായ അറിവുകൾ കുട്ടികൾ നേടുന്നതിന്
- വാർത്തകൾ കേൾക്കുന്നതിനും, പത്രം വായിക്കുന്നതിനും താൽപര്യമുണ്ടാക്കുന്നതിന്
- കേട്ടും വായിച്ചും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന്

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|
| ആഴ്ചയിൽ 2 ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. അടുത്ത ദിവസം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി വന്ന് ബോക്സിൽ നിക്ഷേപിക്കുന്നു. അന്നു തന്നെ വിജയിയെ കണ്ടെത്തുന്നു. | 400 | പി.ടി.എ | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ |

# ബ്രില്യന്റ് സ്കോളർഷിപ്പ്

## ആമുഖം

ഇന്ന് മത്സര പരീക്ഷകളുടെ കാലമാണ്. പഠനത്തിന്റെ ഓരോ തലത്തിലും കുട്ടികൾ അറിവ് മാറ്റുരക്കുന്ന ധാരാളം മത്സര പരീക്ഷകളിലൂടെ കടന്നു പോകുന്നു. അത്തരം സന്ദർഭങ്ങളിൽ പകച്ചു നിൽക്കാതെ മുന്നേറാൻ തന്റെ കഴിവും മനസ്സും തേച്ചുമിനുക്കി മുന്നേറാൻ ഓരോരുത്തർക്കും കഴിയണം. അതിനായി ചെറുപ്പത്തിലെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ബ്രില്ല്യന്റ് സ്കോളർഷിപ്പ്.

## ലക്ഷ്യങ്ങൾ

- പഠന ഭാഗ ത്തെ ഉള്ളടക്കം ഉറപ്പിക്കുന്നതോടൊപ്പം അധികമറിവ് നേടിയെടുക്കുന്നതിന്
- കാലികമായ വാർത്തകൾ അറിയുന്നതിന്
- അധിക വായന പ്രോത്സാഹിപ്പിക്കുന്നതിന്.

## പ്രവർത്തന പദ്ധതി

വാരാന്ത്യ ക്വിസ് ചോദ്യങ്ങൾക്കു പുറമേ എല്ലാ മാസവും സി.പി.ടി.എ ചേരുമ്പോൾ 50 ൽ കുറയാത്ത ചോദ്യങ്ങളും ഉത്തരങ്ങളും കൈമാറുന്നു. കൂടാതെ ദിനാചരണങ്ങൾക്ക് മുന്നോടിയായി കുട്ടികൾക്ക് ചോദ്യങ്ങളും ഉത്തരങ്ങളും കൈമാറുന്നു.

കൂടാതെ ദിനാചരണങ്ങൾക്ക് മുന്നോടിയായി കുട്ടികൾക്ക് ചോദ്യങ്ങളും ഉത്തരങ്ങളും കൈമാറുന്നു, തുടർന്ന് എല്ലാ ക്ലാസിലും മോഡൽ പരീക്ഷ നടത്തുന്നു. ഫെബ്രുവരി മാസത്തിൽ ശനിയാഴ്ച മത്സര പരീക്ഷ നടത്തുന്നു. ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളാണ് തയ്യാറാക്കുന്നത്. ഓപ്ഷൻസ് നൽകി ഉത്തരം എഴുതാൻ കോളങ്ങളും നൽകുന്നു. 50 - ൽ 35 മാർക്കിൽ കുറയാതെ മാർക്ക് വാങ്ങിയവരിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ക്ലാസിലേയും ഒരു കുട്ടിക്ക് ആയിരം രൂപ സമ്മാനമായി നൽകുന്നു. കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു. വിജയികളെ സ്കൂൾ വാർഷിക വേദിയിൽ പ്രഖ്യാപിച്ച് സമ്മാന വിതരണം നടത്തുന്നു.

# ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ

## ആമുഖം

നമ്മുടെ വിദ്യാലയത്തിലെ ഒരു പ്രധാന പ്രശ്നമാണ് ഗണിത പിന്നോക്കാവസ്ഥ. 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ വെച്ചാണ് കുട്ടികൾക്ക് ചതുഷ്ക്രിയകൾ ഉറക്കേണ്ടത്. എന്നാൽ ഗണിത ശേഷി നേടാതിരിക്കുകയും, പിന്നീട് ഉയർന്ന ക്ലാസുകളിൽ ഗണിതത്തിൽ പരാജയപ്പെടുന്ന പ്രവണത നമുക്ക് കാണാൻ കഴിയും. ഈ അവസ്ഥ മാറ്റിയെടുത്ത് ഗണിതത്തിൽ നേടേണ്ട ശേഷികൾ കൃത്യ സമയങ്ങളിൽ നേടാൻ അവസരമൊരുക്കുന്നതാണ് പദ്ധതി

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിത ശേഷികൾ അറിയൽ
- ഗണിതത്തിൽ താൽപര്യം വളർത്തൽ
- ഗണിത പഠനം ലളിതവും രസകരവുമാക്കൽ
- ഗണിതത്തോടുള്ള ഭയം മാറൽ

| ക്ര.ന | പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1<br>2 | 2 മുതൽ 4 വരെ ക്ലാസുകളിൽ പ്രീ-ടെസ്റ്റ് നടത്തുന്നു<br>ടെസ്റ്റിലൂടെ കണ്ടെത്തിയ കുട്ടികളിൽ 3,4 ക്ലാസുകളിൽ പഠിക്കുന്ന അടിസ്ഥാന ഗണിത ശേഷി തീരെ ഇല്ലാത്തവരെ ഒരു ഗ്രൂപ്പാക്കുന്നു. | 5000 | SRG | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ |

| ക്ര.ന | പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| 3 | അതിസ്ഥാന ശേഷി നേടൽ 1 മുതൽ 100 വരെ സംഖ്യാ കാർഡ് | | | |
| 4 | വിവിധ എണ്ണത്തിലുള്ള മുത്ത്, ഈർക്കിൾ, ഗോലി, വളപ്പൊട്ട് എന്നിവ ഉപയോഗിച്ച് എണ്ണൽ, എഴുതൽ | | | |
| 5 | ചിത്രങ്ങൾ നിരീക്ഷിച്ച് എണ്ണൽ | | | |
| 6 | ചിഹ്നങ്ങൾ മനസ്സിലാക്കൽ | | | |
| 7 | 10,20,50,100 എന്നീ സംഖ്യകളുടെ സംഖ്യാ വ്യാഖ്യാനം (വസ്തുക്കളുടെ സഹായത്തോടെ അല്ലാതെ) | | | |

**മോണിറ്ററിംഗ് : HM , SRG കൺവീനർ**

# മാതൃഭാഷാ പഠനം

## ആമുഖം

മലയാളം നന്നായി വായിക്കാനും എഴുതാനും കഴിയാത്ത ഒട്ടേറെ പേർ ക്ലാസുകളിൽ ഉണ്ടെന്ന കാര്യം ഒരു വസ്തുതയാണ്. ഇത് കുട്ടികളുടെ മുന്നോട്ടുള്ള പഠനത്തിന് വലിയ ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളി മറികടന്ന് എല്ലാവരേയും മലയാളം നന്നായി വായിക്കാനും എഴുതാനും അറിയുന്നവരായി മാറ്റുന്നതിനായുള്ള ഒരു പദ്ധതിയാണിത്.

ലക്ഷ്യം

മലയാളം തെറ്റുകൂടാതെ വായിക്കാനും എഴുതാനും അറിയൽ

സ്വന്തമായി കഥയും കവിതയും രചിക്കാൻ കഴിവുനേടൽ

വിവിധങ്ങളായ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

| ക്ര.ന | പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1<br><br>2<br><br>3<br><br>4 | പ്രീ-ടെസ്റ്റ് നടത്തുന്നു<br>പിന്നോക്കകാരെ കണ്ടെത്തുക<br>അക്ഷരം ഉറപ്പിക്കൽ<br>(ചിത്രങ്ങളുടെ സഹായത്തോടെ)<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>(ചിത്രങ്ങളുടെ സഹായത്തോടെ)<br>അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>അക്ഷരങ്ങളിലൂടെ വാക്കുകൾ രൂപീകരിക്കൽ<br>കഥ - വിവരിക്കൽ - ബാക്കി പറയൽ - എഴുതൽ<br>കഥാ പുസ്തകം നൽകൽ, വായന കുറിപ്പ് തയ്യാറാക്കൽ<br>പ്രദർശനം, ചിത്രങ്ങൾ, അടങ്ങിയ വീഡിയോ കാണിക്കുന്നു ഓരോ ചിത്രത്തെ കുറിച്ചും പറയാനും എഴുതാനും അവസരം<br>പത്ര വായന<br>വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കുന്നു. പത്ര ക്വിസ് വാർത്താ വായന തുടങ്ങിയവ നടപ്പിലാക്കുന്നു.<br>ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br>ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ്. അധ്യാപക സേവനം ലഭ്യമാക്കൽ | 5000 | SRG | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ |

# പഠന യാത്ര

## ആമുഖം

പാഠ്യ പ്രവർത്തനങ്ങൾ ശരിയായ രൂപത്തിൽ നടക്കണമെങ്കിൽ ഓരോ കുട്ടിക്കും നേരിട്ടുള്ള അനുഭവങ്ങൾ ഉണ്ടായിരിക്കണം. ഇതിന് ഫലപ്രദമായ ഒന്നാണ് പഠനയാത്രകൾ. ചരിത്ര സ്മാരകമായ സ്ഥലങ്ങളും മറ്റും നേരിട്ടറിയുന്നതിലൂടെ കുട്ടികൾ പഠനത്തോട് താൽപര്യം വർദ്ധിപ്പിക്കാൻ കാരണമാകും

## ലക്ഷ്യം

- പഠന താൽപര്യം വർദ്ധിക്കുന്നു
- ചരിത്ര സ്മാരകങ്ങളെ പരിചയപ്പെടുത്തുന്നു.

## പ്രവർത്തന പദ്ധതികൾ

പഠന കാര്യങ്ങൾ നേരിട്ട് അറിയുന്നതിലൂടെ കുട്ടികളിൽ പഠന താൽപര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം മറക്കാനാവാത്ത അനുഭവമായി മാറുന്നു. പുഴകളെയും മലകളെയും കുറിച്ച് മനസ്സിലാക്കാനും അനുഭവിച്ചറിയാനും അവയെ നശിപ്പിക്കുന്ന സാഹചര്യങ്ങൾ മനസ്സിലാക്കാനും മരങ്ങൾ സംരക്ഷിക്കേണ്ട പ്രാധാന്യത്തെ കുറിച്ചും സസ്യ ജന്തുക്കൾ പ്രകൃതിയുടെ വരദാനമാണ് ആഹാര ശൃംഖലയെ കുറിച്ച് മനസ്സിലാക്കാനും പഠന യാത്രയിലൂടെ സാധ്യമാകുന്നു.

| ക്ര.ന | പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | പഠന യാത്ര:<br>പുഴകൾ, മലകൾ ഇവ സംരക്ഷിക്കേണ്ട പ്രാധാന്യം മനസ്സിലാക്കൽ<br>അനുഭവക്കുറിപ്പ്<br>പഠനാനുഭവം | 5000 | Staff & PTA | |
| **മോണിറ്ററിംഗ് : HM , SRG കൺവീനർ** | | | | |

## ക്ലബ് പ്രവർത്തനം

### ആമുഖം

പഠനപ്രവർത്തനങ്ങളിൽ ഒഴിച്ചു കൂടാൻ ആവാത്ത ഒന്നാണ് ക്ലബ് പ്രവർത്തനം. ഓരോ വിഷയത്തിനും അതിന്റേതായ ക്ലബുകൾ ആരംഭിച്ചാൽ അധിക പ്രവർത്തനങ്ങൾ അതിലൂടെ കുട്ടികൾക്ക് നൽകാനാകും. പ്രൈമറി തലത്തിൽ സയൻസ്, ഗണിതം, ഹെൽത്ത്, ഹരിതം എന്നീ ക്ലബുകൾക്ക് പ്രാധാന്യം നൽകണം.

### ലക്ഷ്യം

- കുട്ടികളിൽ നേതൃത്വഗുണം വർദ്ധിക്കുന്നു
- ഗവേഷണാത്മകത വർദ്ധിക്കുന്നു
- പരിസ്ഥിതിയുടെ പ്രാധാന്യം തിരിച്ചറിയുന്നു
- ഗണിതാഭിരുചി വർദ്ധിക്കുന്നു.

| ക്രമ.ന | ക്ലബ് | പ്രവർത്തനം | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|---|
| 1 | സയൻസ് ക്ലബ് | - പരീക്ഷണം<br>- സർവ്വേ | 5000 | അധ്യാപകർ | ഒരു വർഷം |
| 2 | ഗണിത ക്ലബ് | -പഠനോപകരണം നിർമ്മാണം<br>- ഗണിത കിറ്റ് നിർമ്മാണം | | പൂർവ്വ വിദ്യാർത്ഥികൾ | ഒരു വർഷം |
| 3 | ഹരിത ക്ലബ് | പരിസ്ഥിതിയെ അടുത്തറിയാം,<br>തൈകൾ നടാം,<br>കൃഷി രീതികൾ അറിയാം<br>കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കുന്നു | 2000 | അധ്യാപകർ | ഒരു വർഷം |
| 4 | ഹെൽത്ത് ക്ലബ് | ആരോഗ്യകരമായ ഭക്ഷണം അറിയുന്ന യോഗ Zumba ഡാൻസ് എന്നിവ സംഘടിപ്പിക്കുന്നു<br>ഹെൽത്ത് ഇൻസ്പെക്ടറുടെ ബോധവത്കരണ ക്ലാസ്<br>ലഹരി ബോധവത്കരണ ക്ലാസ് | | അധ്യാപകർ | ഒരു വർഷം |
| 5 | സാമൂഹ്യ ക്ലബ് | സമൂഹ നന്മ തിന്മകൾ തിരിച്ചറിയൽ<br>സാമൂഹ്യ ചുറ്റുപാട് തിരിച്ചറിയൽ<br>സ്വാതന്ത്ര്യസമരം, സമര സേനാനികൾ എന്നിവ അറിയൽ | 2000 | അധ്യാപകർ | ഒരു വർഷം |

## ബാലസഭ

ക്ലാസ് റൂമിൽ കുട്ടികൾ പഠിച്ച പാഠ പുസ്തകവുമായി ബന്ധപ്പെട്ട പാട്ടുകളും കഥകളും അവരുടേതായ രീതിയിൽ അവതരിപ്പിക്കാൻ ഒരു ദിവസം. മാസത്തിൽ ഒരിക്കൽ അതിനായി ഒരു അവസരം നൽകുന്നു. കഴിഞ്ഞ വർഷങ്ങളായി നടത്തിവരുന്ന പഠനോത്സവം പോലെ മാസത്തിലൊരിക്കൽ എന്ന രീതിയിൽ നടത്താൻ കഴിയുന്ന ഒരു പ്രവർത്തനമാണിത്. ഇത്തവണ കാവ്യങ്ങൾക്കാണ് പുതിയ ഒന്നാം ക്ലാസ് പാഠഭാഗത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. അതിനാൽ തന്നെ ഈ ഒരു പരിപാടിക്ക് സാധ്യതയേറുന്നു. ബാലസഭ എല്ലാ മാസവും നടത്താനായിതീരുമാനിച്ചു.

### പഠന ലക്ഷ്യങ്ങൾ

- കുട്ടികളിൽ താളാത്മകത വർദ്ധിപ്പിക്കുന്നു
- ഏതൊരു കൃതിയെയും താളാത്മകതയുടെയും നല്ല വോയിസ് മോഡ്യുലേഷനൊടെയും വായിക്കാൻ അവസരം ലഭിക്കുന്നു.
- ഒറ്റക്കും സംഘം ചേർന്നും പരിപാടികൾ അവതരിപ്പിക്കാം
- സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുന്നു

## റീഡേഴ്സ് തിയേറ്റർ

ചെറുകഥാ പുസ്തകങ്ങൾ കുട്ടികൾക്ക് നൽകി, അതിലെ ഓരോ കഥാപാത്രങ്ങൾ ഓരോരുത്തരായി കഥ വായിക്കുന്നതാണ് റീഡേഴ്സ് തിയേറ്റർ. അതിലൂടെ കുട്ടികളുടെ വായന ശേഷിയും സർഗ്ഗാത്മകതയും നേടുന്നു. ഭാവമില്ലാതെ ശബ്ദത്തിൽ ഓരോ കഥാപാത്രത്തിനും വരുന്ന വ്യത്യാസങ്ങൾ കാണിക്കുന്നു. അതിലൂടെ കുട്ടികൾക്ക് വായിക്കാൻ ഉള്ള താല്പര്യം വർദ്ധിക്കുന്നു. അത്തരത്തിലുള്ള പ്രവർത്തനം മാസത്തിൽ ഒരിക്കൽ പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ തീരുമാനമെടുത്തു. അവ ക്ലാസ്റൂം പ്രവർത്തനമായോ ബാലസഭയിൽ ഉൾക്കൊള്ളിച്ചുകൊണ്ടോ നടത്താൻ തീരുമാനിച്ചു.

## പഠന ലക്ഷ്യങ്ങൾ

- കുട്ടികളിൽ താളാത്മകമായും നല്ല വോയിസ് മോഡ്യൂലേഷൻ ഉൾക്കൊണ്ടുകൊണ്ടും ഉള്ള വായന നേടുന്നു.
- വായനയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു
- സർഗ്ഗാത്മകത വർദ്ധിപ്പിക്കുന്നു

## പഠനോത്സവം

കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ഇതിന് വിദ്യാലയം വളരെ വലിയ പങ്ക് വഹിക്കുന്നു. ഇതിനായി മാസം തോറുമുള്ള ബാലസഭകൾ വളരെ വലിയ പങ്ക് വഹിക്കുന്നു. പാഠ പുസ്തകവുമായി ബന്ധപ്പെട്ട Discourse കൾ കണ്ടെത്തുകയും അവ ക്ലാസിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പുതിയ പദ്ധതിയാണ് പഠനോത്സവം. കഴിഞ്ഞ നാല് കൊല്ലമായി നാം നടത്തിക്കൊണ്ടുവരുന്ന പഠനോത്സവം ഇക്കൊല്ലവും കൂടുതൽ ഫലപ്രദമായി നടത്താൻ തന്നെ ആലോചിച്ചിട്ടുണ്ട്. ഇതിനായി ഓരോ പാഠ ഭാഗവും കഴിഞ്ഞതിന് ശേഷം അതുമായി ബന്ധപ്പെട്ട Discourse കൾ (സംഭാഷണം, കാവ്യാവിഷ്കാരം, സ്കിറ്റ്, നാടകം, പദ്യപാരായണം, കഥ പറയൽ എന്നിവ) കണ്ടെത്തി എല്ലാം കുട്ടികളെയും ഉൾപ്പെടുത്തി അവതരിപ്പിക്കാൻ തീരുമാനിച്ചു. തുടർന്ന് എല്ലാ വർഷവും അവസാനത്തിൽ സ്കൂൾതല പഠനോത്സവവും നടത്താനായി തീരുമാനിച്ചു.

### പഠനശേഷികൾ

- കുട്ടികളിൽ കലാ അഭിരുചി വർദ്ധിപ്പിക്കുന്നതിന്
- സംഘം ചേർന്ന് പരിപാടികൾ അവതരിപ്പിക്കുന്നതിന്
- സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിന്

| പ്രവർത്തനം | ആവശ്യമായ സാമഗ്രികൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|---|
| സ്കിറ്റുകൾ<br>കാവ്യാവിഷ്കാരം<br>സംഭാഷണം<br>നാടകം | ചാർട്ട്<br>ക്രയോൺ<br>ഡബ്ൾ സൈഡ് ടാപ്പ്<br>മാസ്ക്<br>ICT | 5000 | PTA | ഒരു വർഷം |

## വിജയസ്പർശം

പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായുള്ള പദ്ധതിയാണ് വിജയസ്പർശം. മലയാളം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന കണ്ടെത്തിയാണ് ഈ പ്രവർ ത്തനം നടത്തുന്നത്. ഇതിനായി ജൂണിൽ ഒരു പ്രീ ടെസ്റ്റ് നടത്തുകയും 2,3,4 ക്ലാസുകളിൽ ഓരോ വിഷയത്തിലും പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. അവർക്കായി മൊഡ്യൂളുകൾ തയ്യാറാക്കുന്നു. തുടർന്ന് എല്ലാ ദിവസവും വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നൽകുന്നു. ഓരോ ക്ലാസ് ടീച്ചേഴ്സിനുമാണ് അതിന്റെ ചാർജുകൾ നൽകുന്നത്. പ്രത്യേകം തയ്യാറാക്കിയ വർക്കുബുക്കുകളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഈ വർഷവും ഫലപ്രദമായ ക്ലാസുകൾ സംഘടിപ്പിച്ച് ഈ പരിപാടി പൂർണ്ണ വിജയത്തിലെത്തിക്കാൻ തീരുമാനിച്ചു.

## പഠനശേഷികൾ

- അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിന്
- തെറ്റ് കൂടാതെ അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നതിന്
- ചിഹ്നങ്ങൾ ഉറക്കുന്നതിന്
- ആശയങ്ങൾ വായിക്കാനും ലിഖിതമായും പ്രകടിപ്പിക്കുന്നതിന്

| പ്രവർത്തനം | ആവശ്യമായ സാമഗ്രികൾ | സാമ്പത്തികം | ചുമതല | കാലയള |
|---|---|---|---|---|
| അക്ഷര കാർഡ് വായന<br>പദ കാർഡ് വായന<br>വായനാ കാർഡ്<br>കഥ പുസ്തക വായന<br>ലേഖന പ്രവർത്തനങ്ങൾ<br>സർഗ്ഗാത്മക പ്രവർത്തനങ്ങൾ | ചാർട്ട്<br>മാർക്കർ<br>ഫയൽപേപ്പർ<br>വ്യത്യസ്ത വായനാ കാർഡുകൾ<br>പുസ്തകങ്ങൾ | 5000 | PTA | ഒരു വർഷം |

## വിജയസ്പർശം മാതൃഭാഷാ പഠനം

- ചിഹ്നങ്ങളുടെ സഹായത്തോടെ, ചിത്രങ്ങളുടെ സഹായത്തോടെ അക്ഷരം, പദം എന്നിവ ഉറപ്പിക്കൽ
- കഥാവിഷ്കാരം, കഥ കേൾക്കാം, ചോദ്യങ്ങൾ ചോദിക്കാം, ചോദ്യങ്ങൾ സ്വയം എഴുതാം, ഉത്തരം കണ്ടെത്താം.
- അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്(പദ കാർഡ്) വായന, ലേഖനം
- പദകേളി
- അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ കണ്ടെത്താം
- പസിലുകളിൽ നിന്നും വാക്കുകൾ കണ്ടെത്താം
- ICT പ്രദർശനം, കണ്ട ചിത്രത്തെ കുറിച്ച് വിശകലനം എഴുതാം, സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഇംഗ്ലീഷ് പഠനം

- Reading Cards
- Poem recitation
- Adding more lines
- Telling something about a picture or scene
- Responding to simple questions
- Puzzle making
- Sentence making

## വിജയസ്പർശം ഗണിത പഠനം

- സംഖ്യാ കാർഡ്, സംഖ്യാമാല തീർക്കാം
- ഈർക്കിൾ, ഗോലി, വളപ്പൊട്ട്, മഞ്ചാടിക്കുരു, പുളിക്കുരു എന്നിവ ഉപയോഗിച്ച് എണ്ണൽ, എഴുതൽ
- ചിത്രങ്ങൾ നിരീക്ഷിച്ച് എണ്ണാം, എഴുതാം
- സംഖ്യാ വ്യാഖ്യാനം
- സമയം മനസ്സിലാക്കാം

# കളിക്കാം...... വളരാം ( കായികമേള)

കുട്ടികളിലെ മാനസികവും ശാരീരികവും ആരോഗ്യകരവുമായ വികസനത്തിന് കായികമേളകൾക്ക് വലിയ പങ്കുണ്ട്. പഠനത്തോടൊപ്പം മാനസിക ആരോഗ്യത്തിനും അവസരമൊരുക്കുന്ന പ്രവർത്തനമാണിത്. കുട്ടികളിലെ മത്സരബുദ്ധിയും കായികക്ഷമതയും മനസിലാക്കാനുള്ള ഒരു അവസരം കൂടിയാണിത്.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- മാനസികവും, ശാരീരികവും ആരോഗ്യകരവുമായ അഭിരുചി ഉയർത്താൻ
- മത്സര ബുദ്ധി വികാസം
- കായികക്ഷമത തിരിച്ചറിവ്

## പ്രവർത്തന പദ്ധതി

സ്പോർട്സ് ഡേ സ്കൂളിൽ സംഘടിപ്പിക്കുന്നു. ഗ്രൂപ്പുകളായി തിരിച്ച് കുട്ടികളിൽ മത്സര ബുദ്ധി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കൃത്യമായ പ്രവർത്തനം ആസൂത്രണം ചെയ്യാൻ ശ്രമിക്കുന്നു.

## അസംബ്ലി

കുട്ടികളിലെ കൃത്യനിഷ്ഠത, അച്ചടക്കം എന്നീ വികസനത്തിന് അസംബ്ലിക്ക് വലിയ പങ്കുണ്ട്. കുട്ടികളിൽ മാനസിക ഉൻമേശത്തിനും അസംബ്ലി കാരണമാകുന്നു. അറബിക്, മലയാളം, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകളിലായി അസംബ്ലി നടത്താൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

### ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- കൃത്യനിഷ്ഠത വർദ്ധിപ്പിക്കുന്നതിന്
- അച്ചടക്കം ലഭ്യമാക്കുന്നതിന്
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന്
- വർത്തമാനകാല അറിവ് പരിപോഷണം

### പ്രവർത്തന പദ്ധതി

- തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ അസംബ്ലി നടത്തുന്നു.
- മൂന്ന് ഭാഷകളിലും നടത്തുന്നു
- വാർത്താവായനക്ക് പ്രാധാന്യം നൽകുന്നു
- ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന കൃത്യമായ പ്രവർത്തനം ആസൂത്രണം ചെയ്യാൻ ശ്രമിക്കുന്നു.

## ലഹരി ബോധവത്കരണം - രക്ഷിതാക്കൾക്ക്

മനുഷ്യന്റെ ബോധ മണ്ഡലത്തിൽ കടന്നു മയക്കമോ ഉത്തേജനമോ സൃഷ്ടിക്കുവാൻ കഴിവുള്ള രാസവസ്തുക്കളെ ലഹരി വസ്തുക്കൾ എന്ന് പറയുന്നു. ലോകത്തിൽ ഏറ്റവും അധികം ഉപയോഗിക്കുന്ന ലഹരി വസ്തു പുകയിലയാണ്. ഏതു തരത്തിൽ ഉള്ള ലഹരി വസ്തുക്കൾ ഉപയോഗിച്ചാലും ശാരീരികവും മാനസികവുമായുള്ള പല പ്രശ്നങ്ങൾക്കും അത് വഴിവെക്കുന്നു.

മനുഷ്യനെ ശാരീരികമായും മാനസികമായും തകർക്കുന്ന സാമൂഹ്യ വിപത്താണ് ലഹരി. അത്കൊണ്ട് തന്നെ സ്ക്കൂളുകളിൽ രക്ഷിതാക്കൾക്ക് ലഹരി ബോധവത്കരണം നടത്തേണ്ടത് അനിവാര്യമാണ്. എല്ലാ വർഷവും രക്ഷിതാക്കൾക്ക് ലഹരി ബോധവത്കരണം നടത്താറുണ്ട്. എന്നാൽ ഈ പ്രാവശ്യം കൂടുതൽ കാര്യക്ഷമമായി നടത്താൻ തീരുമാനിച്ചു.

ഈ വർഷത്തെ ആദ്യ PTA മീറ്റിംഗിൽ എക്സൈസ് ഓഫീസർമാരെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു ബോധവത്കരണം നടത്താൻ തീരുമാനിച്ചു.

## ലഹരി ബോധവത്കരണം - പൂർവ്വ വിദ്യാർത്ഥികൾക്ക്

സ്ക്കൂളിൽ രക്ഷിതാക്കൾക്ക് നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ബോധവത്കരണത്തോടൊപ്പം പൂർവ്വ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്താൻ തീരുമാനിച്ചു. രക്ഷിതാക്കൾക്ക് നടപ്പിലാക്കുന്ന ബോധവത്കരണ ക്ലാസിന് ശേഷം നാട്ടിലെ എല്ലാ യുവാക്കളെയും പങ്കെടുപ്പിച്ചു കൊണ്ട് ഒരു ക്ലാസും അതോടൊപ്പം തന്നെ ഒരു സബ് കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചു.

സ്കൂൾ ഹെഡ്മാസ്റ്ററെ ചെയർമാനാക്കിയും PTA പ്രസിഡന്റിനെ കൺവീനറാക്കി കൊണ്ട് ഒരു സബ് കമ്മിറ്റി രൂപീകരിച്ച് തുടർന്ന് വരുന്ന ദിവസങ്ങളിലും ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

## വായനാ പരിപോഷണം പത്ര വാർത്തകളിലൂടെ

കുട്ടികൾ സ്വതന്ത്രമായി വായിക്കാനും എഴുതാനും കഴിവു നേടുക എന്നത് ഭാഷാ പ്രയോഗത്തിന് ഏറ്റവും പ്രാധാന്യമുള്ള ഒരു ഘടകമാണ്. തന്റെ മനസ്സിൽ വരുന്ന ആശയങ്ങൾ. ചിന്തകൾ, വികാരങ്ങൾ എന്നിവ സ്വതന്ത്രമായി എഴുതി പ്രകടിപ്പിക്കാൻ കുട്ടികൾക്ക് കഴിയണം. അതിന് ഏറ്റവും അടിസ്ഥാനമായി ഉണ്ടാകേണ്ടത് പരന്ന വായനയാണ്. പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ ഏറ്റവും വലിയ പോരായ്മയായി എന്നും നിലകൊള്ളുന്നതാണ് എഴുത്തും വായനയും അറിയുന്നില്ല എന്നത്. അതിന് പരിഹാരമായാണ് ഈ ഒരു പദ്ധതി മുന്നോട്ട് വയ്ക്കുന്ന പത്ര വായന.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- സ്വതന്ത്ര വായനയ്ക്കുള്ള കഴിവ് വികസിപ്പിക്കൽ
- വായനയിൽ അഭിരുചി വർദ്ധിപ്പിക്കൽ
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ

## പ്രവർത്തന പദ്ധതി

എല്ലാ ക്ലാസുകളിലും (1 മുതൽ 4 വരെ ക്ലാസുകളിൽ) ദിവസവും ഉച്ചയ്ക്ക് ശേഷം 10 മിനുറ്റ്, നേരത്തെ വെട്ടി എടുത്ത് ചാർട്ടിൽ ഒട്ടിച്ച പത്രവാർത്ത തലക്കെട്ടുകൾ അധ്യാപകർ പ്രദർശിപ്പിക്കുന്നു. ഓരോ കുട്ടിയെ കൊണ്ടും ഓരോ തലക്കെട്ടുകൾ വായിപ്പിക്കുന്നു. തെറ്റുണ്ടെങ്കിൽ ക്ലാസിലെ അറിയുന്ന കുട്ടികൾ അവ ഉറക്കെ വായിക്കുന്നു. തുടർന്ന് ആർക്കും കഴിയുന്നില്ലെങ്കിൽ അധ്യാപകർ വായിച്ച് കൊടുക്കുന്നു. എല്ലാ ക്ലാസിലും വായിച്ചു കഴിഞ്ഞ ശേഷം ആ ചാർട്ട് സ്കൂൾ വായനാ മുറിയിൽ പ്രദർശിപ്പിക്കുന്നു. ഈ പ്രവർത്തനം എല്ലാ ദിവസവും തുടരുന്നു.

ആദ്യത്തെ ടേം കഴിഞ്ഞാൽ പ്രധാന തലക്കെട്ടുകൾക്കൊപ്പം ചെറിയ വാർത്തകളും കുട്ടികൾക്കായി വായിക്കാൻ ഈ രീതിയിൽ നൽകുന്നു. അവയും വായനാമുറിയിൽ പ്രദർശിപ്പിക്കുന്നു. മൂന്നാം ടേമിൽ കുട്ടികൾക്ക് പത്രവാർത്തകൾ നൽകി അവ അവർ തന്നെ എഴുതി തയ്യാറാക്കുന്നു. എവർ എഴുതിയ പത്രവാർത്തകൾ ഓരോ ക്ലാസിന്റേയും ആഴ്ചയിൽ ഒരിക്കൽ ചാർട്ടിൽ ഒട്ടിച്ച് വായനാമുറിയിൽ പ്രദർശിപ്പിക്കുന്നു. ഏറ്റവും നല്ല കെട്ടിലും മട്ടിലും ആകർഷണീയമായ പത്രവാർത്ത ചാർട്ട് ഓരോ മാസവും കണ്ടെത്തി ക്ലാസിനെ അഭിനന്ദിക്കുന്നു.

| പ്രവർത്തനം | സാമ്പത്തികം | ചുമതല | കാലയളവ് |
| --- | --- | --- | --- |
| ക്രിമിനൽ പശ്ചാത്തലം, രാഷ്ട്രീയം എന്നിവ കലർന്ന പത്രവാർത്തകൾ | 5000<br>(PTA) | അധ്യാപകർ | 2025 ജൂൺ മുതൽ<br>2026 മാർച്ച് വരെ |
| അല്ലാത്തവ വെട്ടി എടുത്ത് ശേഖരിക്കൽ | | അധ്യാപകർ | ” ” ” ” |
| പത്രവാർത്തകൾ ഒട്ടിക്കൽ<br>അവ വായിപ്പിക്കൽ | | അധ്യാപകർ | ” ” ” ” |
| വായനാ മുറിയിൽ ഒട്ടിക്കൽ<br>കുട്ടികളെ കൊണ്ട് പത്രവാർത്തകൾ എഴുതിക്കൽ | | അധ്യാപകർ | ” ” ” ” |